Statement by Hon'ble Leader of Opposition

Uncorrected/Not for publication
19-09-2025

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇന്നലെ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് മറുപടി പറയവെ പറവൂരിലെ ഓണച്ചന്ത ഉദ്ഘാടനം ചെയ്തുകൊണ്ട് ഞാൻ സർക്കാരിനെ പ്രകീർത്തിച്ചുവെന്ന് പരാമർശിക്കുകയുണ്ടായി. ഞാൻ അങ്ങനെ പറയാത്ത കാരണംകൊണ്ട് പെട്ടെന്ന് എഴുന്നേറ്റ് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി XXXXX* പറയുന്നതെന്നും അവിടെ ഒരു യോഗമുണ്ടായിട്ടില്ലെന്നും ഞാൻ അതിൽ സംസാരിച്ചിട്ടില്ലെന്നും പറഞ്ഞു. ഞാൻ യോഗത്തിന് വൈകിയാണ് ചെന്നെത്തിയത്. അതുകൊണ്ട് യോഗം കാൻസൽ ചെയ്യാൻ പറഞ്ഞു. എങ്കിലും ഞാൻ പോകാൻ തുടങ്ങിയപ്പോൾ സംഘാടകർ എന്തെങ്കിലും സംസാരിക്കണമെന്ന് പറഞ്ഞു. യോഗമില്ലാതെ ഞാൻ ഒരു മിനിട്ട് സംസാരിച്ചുവെന്നത് ശരിയാണ്. അത് എന്റെ ഓർമ്മപ്പിശകാണ്. ഞാൻ സംസാരിച്ച ഒരിടത്തും സർക്കാരിനെ പ്രകീർത്തിച്ച് സംസാരിച്ചിട്ടില്ല. സപ്ലൈകോയുടെ പ്രസക്തിയെക്കുറിച്ചാണ് പറഞ്ഞത്. ഇതിൽ പ്രധാനപ്പെട്ട

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

കാര്യം ഞാൻ സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി XXXXX* പറയുകയാണെന്ന് പറഞ്ഞത് പെട്ടെന്നുള്ള പ്രകോപനംകൊണ്ട് പറഞ്ഞതാണ്. കാരണം ഞാൻ പറയാത്ത ഒരു കാര്യം ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ടാണ്.

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ് ... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇരുന്നപ്പോൾത്തന്നെ സഭയിലെ മുതിർന്ന അംഗമായ ശ്രീ. മാത്യു ടി. തോമസ് എന്റെ അടുത്തുവന്ന് ആ വാക്കുകൾ അൺപാർലമെന്ററിയാണെന്നും അതിന് വാസ്തവ വിരുദ്ധമെന്നേ പറയാൻ പാടുള്ളൂവെന്നും പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകൾ അംഗീകരിച്ച് ഞാൻ പറഞ്ഞ അൺപാർലമെന്ററി വാക്ക് സഭാരേഖയിൽ നിന്നും നീക്കംചെയ്യുന്നതിന് ഇന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിനൽകിയിട്ടുണ്ട്. ഞാൻ ഈ സഭയിൽ അംഗമായിട്ട് 24 വർഷം കഴിഞ്ഞു. എന്റെ ഒരു വാക്കും ഇതുവരെയും സഭാരേഖകളിൽനിന്ന് ഒരു സ്പീക്കറും നീക്കം ചെയ്തിട്ടില്ല. എന്റെ ഒരു വാക്ക് ഇനി വരുന്ന തലമുറയ്ക്ക് വിഷമമുണ്ടാക്കുന്ന രീതിയിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് ഞാൻ തന്നെ

---

* ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

എഴുതിക്കൊടുത്തിട്ടുണ്ട്. ഞാൻ അത് പിൻവലിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോടും സഭയോടും ഞാൻ ക്ഷമ ചോദിക്കുകയാണ്. ഞാൻ അങ്ങനെ പറയാൻ പാടില്ലായിരുന്നു. എന്റെ ഭാഗത്തുനിന്ന് തെറ്റാണുണ്ടായത്.

മി. സ്പീക്കർ: ഇത്തരം അനുകരണീയ മാതൃകകൾ എല്ലാവർക്കും സ്വീകരിക്കാവുന്നതാണ്. കാരണം പെട്ടെന്ന് ഉണ്ടാകുന്ന പ്രകോപനത്തിൽ ചില വാക്കുകൾ വഴിവിട്ട് പോകുന്നുണ്ടെങ്കിൽ അത് തിരുത്തുന്നത് ഒരു പരാജയമായി കാണേണ്ട. നമ്മളെവരും പാർലമെന്ററി ഡെമോക്രസിയുടെ ഏറ്റവും ഉയർന്ന രൂപമായി കരുതിയാൽ മതി.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)